# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 172

04.06.2018 ൽ മറുപടിക്ക്

## ദമ്പതികളുടെ ഇരട്ടക്കൊലപാതകം

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ.പി.ഉണ്ണി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കടമ്പഴിപ്പുറം കണ്ണോർശ്ശി വടക്കേക്കര ഗോപാലകൃഷ്ണൻ-തങ്കമണി ദമ്പതികളുടെ ഇരട്ടക്കൊലപാതക കേസ്സിലെ പ്രതികളെ പിടികൂടുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) കടമ്പഴിപ്പുറം കണ്ണോർശ്ശി വടക്കേക്കര ഗോപാലകൃഷ്ണൻ-തങ്കമണി ദമ്പതികളുടെ കൊലപാതകവുമായി ബന്ധപ്പെട്ട് ചെർപ്പുളശേരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസ്സ് സംസ്ഥാന ക്രൈംബ്രാഞ്ച് വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. അന്വേഷണത്തിന്റെ ഭാഗമായി 185 ഓളം സാക്ഷികളെ നേരിൽകണ്ടു ചോദിച്ച് മൊഴി രേഖപ്പെടുത്തുകയും മറ്റന്വേഷണങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. സംഭവസ്ഥലത്തു നിന്നും ലഭിച്ച വിരലടയാളങ്ങൾ സമാന കുറ്റകൃത്യങ്ങളിൽപ്പെട്ട പ്രതികളുടേതുമായി ഒത്തുനോക്കി അന്വേഷണം നടത്തി വരുന്നു. സംഭവ ദിവസത്തെ മുഴുവൻ ഫോൺകാളുകളുടെയും വിവരങ്ങൾ പരിശോധിച്ച് വിശദമായ അന്വേഷണം നടത്തി വരികയാണ്. ഇത്തരം കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്ന തമിഴ് നാട് സ്വദേശികളെക്കുറിച്ച് കമ്പം, തേനി, ഛത്രം എന്നീ സ്ഥലങ്ങളിൽ അന്വേഷണം നടത്തിയിട്ടുള്ളതുമാണ്. |

| | |
|---|---|
| (ബി) കേസന്വേഷണം ഊർജ്ജിതമാക്കി അടിയന്തരമായി പ്രതികളെ പിടികൂടുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ; | (ബി) സംഭവസ്ഥലത്തുനിന്നും ലഭ്യമായ വിരലടയാളങ്ങൾ NCRB-യുടെ താരതമ്യത്തിനായി അയക്കേണ്ടതായിട്ടുണ്ട്. കേസിന്റെ സംഭവസ്ഥലത്തും പരിസരങ്ങളിലുമുള്ള ടവർ ഡമ്പിൽ വന്നിട്ടുള്ളതായ മുഴുവനാളുകളുടെയും ഫോൺ കോളുകളും നമ്പറുകളും പരിശോധിച്ചുവരുന്നുണ്ട്. ഇത്തരം കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്ന തമിഴ് നാട് സ്വദേശികളെ സംബന്ധിച്ച് മറ്റു സ്ഥലങ്ങളിൽ അന്വേഷണം നടത്തേണ്ടതുണ്ട്. കേസിന്റെ അന്വേഷണം പാലക്കാട് CBCID HHW-II വിഭാഗം ഡി.വൈ.എസ്.പി യുടെ നേതൃത്വത്തിൽ ഊർജ്ജിതമായി നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ